**പടനിലം പാലം**

**75 (3634)** ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പടനിലം-നരിക്കുനി റോഡിൽ പോലൂർ പുഴയുടെ കുറുകെയുള്ള പടനിലം പാലത്തിന്റെ അടിത്തറ പൊട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന് വേണ്ടി എന്ത് അടിയന്തര നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ;

(സി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിശദമായ പരിശോധനകൾക്ക് ശേഷം അടിയന്തരമായി ചെയ്യേണ്ട അറ്റകുറ്റപ്പണികൾ ഉടൻ നടത്തുന്നതാണ്.

**കുന്ദമംഗലം ടൗണിൽ അഴുക്കുചാലിന്റെ അഭാവം**

**76 (3635)** ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം ടൗണിൽ അഴുക്കുചാൽ ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ അഴുക്കുചാൽ നിർമ്മിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 60 മീറ്റർ നീളത്തിൽ അഴുക്കുചാൽ നിർമ്മാണം നടന്നു വരുന്നുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതനുസരിച്ച് ബാക്കിഭാഗം നിർമ്മാണം ആരംഭിക്കുന്നതാണ്.

**പെരുമ്പഴിക്കടവ് പാലത്തിന്റെ നിർമ്മാണം**

**77 (3636)** ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം മണ്ഡലത്തിലെ പെരുമ്പഴിക്കടവ് പാലം ഏത് ഏജൻസിയുടെ സഹായത്തോടെയാണ് നിർമ്മിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly